**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 465

06.02.2014-ൽ മറുപടിക്ക്.

# കേരളാ പോലീസിന്റെ ആധുനികവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ<br>ശ്രീവിഎസ്. സുനിൽകുമാർ<br>ശ്രീ.കെ.അജിത്<br>ശ്രീചിറ്റയം ഗോപകുമാർ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കേരള പോലീസിനെ ആധുനികവല്ക്കരിക്കുന്നതിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു; അവ ഏതെല്ലാം; | : (എ) കേരള പോലീസിനെ ആധുനികവൽക്കരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-2012, 2012-2013, 2013-2014 എന്നീ സാമ്പത്തിക വർഷത്തിലെ MoPF Scheme, കാൻസാഫ് സ്കീം, 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ പദ്ധതികളിലൂടെ ലഭിക്കുന്ന സഹായത്തിനായി നിരവധി പ്രൊപ്പോസലുകൾ അയച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകൾ, മറ്റ് ഓഫീസ് കെട്ടിടങ്ങൾ, അപ്പർ, ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനും പോലീസ് സേനയ്ക്ക് ആവശ്യമായ ഓപ്പറേഷണൽ വെഹിക്കിളുകൾ, ആയുധങ്ങൾ, സെക്യൂരിറ്റി ഉപകരണങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ഫോറൻസിക്ക് ലബോറട്ടറിയ്ക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ മുതലായവ വാങ്ങുന്നതിനുമുള്ള പ്രൊപ്പോസലുകൾ ഇവയിൽ ഉൾപ്പെടുന്നു. |

(മറുപുറം)

(ബി) ഈ പദ്ധതികളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക ലഭിച്ചു; ഇതിൽ എത്ര വീതം ചെലവഴിച്ചു;

: (ബി) MoPF സ്കീമിൽ ചെലവഴിച്ച തുകകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | കേന്ദ്ര വിഹിതം (In Lakhs) | ചെലവായത് (In Lakhs) | സംസ്ഥാന വിഹിതം (In Lakhs) | ചെലവായത് (In Lakhs) |
|---|---|---|---|---|
| 2011-2012 | 2682 | 2682 | 894.00 | 891.51 |
| 2012-2013 | 819 | 628.05 | 546.00 | 444.52 |
| 2013-2014 | 2994.00 (Plan)<br>1632.00 (Non Plan) | Government Order issued on 13.12.2013 and action is in progress for the utilization of amount allotted under MoPF Scheme 2013- 14 | Fund Not received<br>1088.00 (Non Plan) | Government Order issued on 13.12.2013 and action is in progress for the utilization of amount allotted under MoPF Scheme 2013- 14 |

2012-2013 വർഷത്തിൽ കാൻസാഫ് സ്കീമിലൂടെ ലഭിച്ച 33,55,507/- രൂപ (മുപ്പത്തിമൂന്ന് ലക്ഷത്തി അൻപത്തി അയ്യായിരത്തി അഞ്ഞൂറ്റി ഏഴ് രൂപ) യിൽ 13,73,917/- രൂപ (പതിമൂന്ന് ലക്ഷത്തി എഴുപത്തി മൂവായിരത്തി തൊള്ളായിരത്തി പതിനേഴ് രൂപ) യുടെ സാധന സാമഗ്രികൾ വാങ്ങുന്നതിന് സപ്ളൈ ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ പേമെന്റ് ഒന്നും നടത്തിയിട്ടില്ല.

14 th FCA വഴിയുള്ള കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. ധനകാര്യ കമ്മീഷൻ പരിഗണിക്കുകയാണെങ്കിൽ 2015 -2016 സാമ്പത്തിക വർഷം മാത്രമേ ഈ തുക ലഭ്യമാകുകയുള്ളൂ.

(സി) കുറ്റവാളികളെ പിടികൂടുന്നതിന് ഏതെങ്കിലും രീതിയിലുള്ള ആധുനിക സംവിധാനങ്ങൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

(സി) കുറ്റവാളികളെ പിടികൂടുന്നതിനായി ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കുന്നുണ്ട്. AFIS (Automated Finger Identification System), Audio Video Forensic Analysis Kit, Modern Investigation kit, VHF Set, ആധുനിക ക്യാമറകൾ, വാഹനങ്ങൾ, പോളിഗ്രാഫ് സംവിധാനം, ഡി.എൻ.എ ലാബോറട്ടറി തുടങ്ങിയ ഉപകരണങ്ങൾ/ സംവിധാനങ്ങൾ പോലീസിൽ ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ